SET A

# സമഗ്ര ശിക്ഷാ, കേരളം
## പാദവാർഷിക മൂല്യനിർണയം 2019-20
## മലയാളം
## കേരളപാഠാവലി

**802**

സ്റ്റാന്റേർഡ് VIII

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

- പതിനഞ്ചുമിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**(1x4=4)**

1. 'മൂന്നു മക്കളുടെ ഭാരം താങ്ങാൻ കഴിയാത്തതുകൊണ്ടാണ് മൂത്തവനെ ഹോസ്റ്റലിൽ ചേർക്കാൻ തീരുമാനിച്ചത്.' 'ഭാരം താങ്ങാൻ കഴിയാത്തതുകൊണ്ടാണ്' എന്ന പ്രയോഗം കൊണ്ട് അർഥമാക്കുന്നത്?
   - ചുമക്കാൻ കഴിയാത്തതുകൊണ്ട്
   - കഷ്ടപ്പെടാൻ തയാറാകാത്തതുകൊണ്ട്
   - ചെലവുവഹിക്കാൻ കഴിയാത്തതുകൊണ്ട്
   - ബാധ്യതയേറ്റെടുക്കാൻ മടിയുള്ളതുകൊണ്ട്

2. കൂട്ടത്തിൽ പെടാത്തത് ഏത്?
   - വണ്ടി, ഇല്ല - വണ്ടിയില്ല
   - വഴി, ഉണ്ട് - വഴിയുണ്ട്
   - വള്ളം, ഇല്ല - വള്ളമില്ല
   - പൊതി, അഴിച്ച് - പൊതിയഴിച്ച്

3. 'തുലാവർഷം കഴിഞ്ഞു. വൃശ്ചികക്കാറ്റടങ്ങി. മഞ്ഞുവീണു. (പൂക്കളും ആണ്ടറുതികളും)
   'മഞ്ഞുവീണു' എന്ന് ഇവിടെ ലേഖകൻ സൂചിപ്പിക്കുന്ന മാസം ഏത്?
   - മീനം
   - കർക്കടകം
   - മേടം
   - ധനു

4. 'സാദരം വേദശാസ്ത്രങ്ങളഭ്യസിച്ചതും' - വേദശാസ്ത്രങ്ങൾ എന്ന പദം വിഗ്രഹിക്കുമ്പോൾ
   - വേദമാകുന്ന ശാസ്ത്രം
   - വേദവും ശാസ്ത്രവും
   - വേദത്തിലെ ശാസ്ത്രം
   - വേദത്തെപ്പോലുള്ള ശാസ്ത്രം

5. 'കാർമുകിലിന് ഗദ്യത്തിൽ ഒരു അർച്ചനാഗീതം' എന്ന പാഠഭാഗത്തിൽ മേഘവുമായി ബന്ധപ്പെടാത്ത കൽപ്പനയേത്?
   - രഥം
   - തൂണ്
   - വസ്ത്രം
   - വൃക്ഷം

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക.**

**(2x 4=8)**

6. അതിൽ പന്ത്രണ്ടിടങ്ങഴിയുടെ ചോറും വഴിയാത്രക്കാരാണു തട്ടുന്നത്.
എത്ര ശക്തിയിലാണ് അവൻ പന്തു തട്ടുന്നത്!
'തട്ടുന്നത്' എന്ന പദത്തിന് രണ്ടുവാക്യത്തിലും വരുന്ന അർത്ഥവ്യത്യാസം കുറിയ്ക്കുക.

7. "മോഹമേറെ വളർത്തതുമുഷപ്പോളം തകർത്തതും
ഊഹിച്ചടുത്തു നാമെല്ലാമൊരുമിച്ചതും"
മുകളിൽ നൽകിയ ഈരടികളുടെ സമാനതാളത്തിലുള്ള വരികൾ കണ്ടെത്തി എഴുതുക.
   - "നാണിച്ചുപോകുന്നു, നീളൻകുട ചൂടി
   ഞാനീ വരമ്പിൻ കൊതുമ്പിൽ നിൽക്കെ"
   - "അന്തിതോറുമമ്പലത്തിൽ പൊൻതിരികൾ വയ്ക്കുവോരെ
   ചന്തമേറുമാൽമരത്തിൽ ചെന്തളിരു ചാർത്തുവോരെ"
   - "ചിന്നിയ പൂങ്കുലകളാം പട്ടുതൊങ്ങൽ ചൂഴുമൊരു
   പൊന്നശോകം വിടർത്തിയ കുടതൻ കീഴിൽ"

8. "ഭൂമിയുടെ കാതിൽ മഹാസങ്കടങ്ങൾ അറിയിക്കുന്ന പാദങ്ങൾ വിണ്ടുപൊട്ടിയിട്ടുണ്ട്." - (അമ്മമ്മ)
ഈ വാക്യം സന്ദർഭത്തിനു നൽകുന്ന അർഥസാധ്യതകൾ കണ്ടെത്തി എഴുതുക.

9. "ആകാശത്തിലെ മഹാവിസ്തൃതിയിൽ കാർമുകിൽ ഏകാന്തത അനുഭവിക്കുന്നതായി എനിക്കു തോന്നാറുണ്ട്." - ഇങ്ങനെ പറയുന്നതുകൊണ്ട് ലേഖകൻ ഉദ്ദേശിക്കുന്നത് എന്ത്?

10. "കോർത്തു കൈകൾ പിടിച്ചതും പിന്നെപ്പേടിതീരുംവണ്ണം
മാർത്താണ്ഡനുമുദിച്ചതും മറന്നില്ലല്ലീ?'
- ഈ വരികൾ നമുക്ക് നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം?

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. (അരപ്പുറം)**

**(4 x 4 = 16)**

11. "എങ്ങനെയാണ് ഈമാതിരി യാത്രകൊണ്ടു വല്ല ലോകപരിചയവും സമ്പാദിക്കുക!" - (വഴിയാത്ര - ഇ.വി. കൃഷ്ണപ്പിള്ള)
"ഇന്ത്യയുടെ ഒരറ്റത്തുനിന്നും മറ്റേ അറ്റത്തോളം പാഴ്സൽപോലെ പോയി വരുന്നവരുണ്ട്. പ്രത്യേകിച്ച് ഇക്കാലത്ത്. ഞാനുദ്ദേശിക്കുന്നത് ഇറങ്ങിയാൽ കയറുന്നതുവരെ കണ്ണുമിഴിച്ച് നോക്കാനും കാണുന്നതൊക്കെ കരൾക്കുളുർമയോടെ ഗ്രഹിക്കാനും കൗതുകമുള്ള യാത്രക്കാരെ മാത്രം." (വിന്ധ്യഹിമാലയങ്ങൾക്കിടയിൽ - ജോസഫ് മുണ്ടശ്ശേരി)
യാത്ര ഒരു അനുഭവവും അനുഭൂതിയും ആകണമെങ്കിൽ അത് എങ്ങനെയായിരിക്കണമെന്നാണ് ഈ പരാമർശങ്ങളിൽനിന്ന് വ്യക്തമാകുന്നത്? കുറിപ്പ് തയാറാക്കുക.

12. 
   - "അടുക്കളമാത്രം ഭൂലോകമാക്കിക്കഴിയുന്ന അന്നത്തെ ഗൃഹനായികമാർ മിക്ക ദിവസങ്ങളിലും ഒഴിഞ്ഞവയറുകളോടുകൂടെയാണ് ഉറക്കത്തിലേക്കു ചായുന്നത്." - (വഴിയാത്ര)
   - "കുളിച്ചുകുറിയിട്ട് പുരികുഴലിൽ പൂക്കൾ തിരുകി ദേവദർശനം കഴിച്ചെത്തുന്ന കേരളീയവനിതകൾ ഈ നാടിന്റെ സാക്ഷാൽ ഗ്രാമലക്ഷ്മിമാരാണ്." (പൂക്കളും ആണ്ടറുതികളും)

- രണ്ടു നിരീക്ഷണങ്ങളിലെയും സ്ത്രീജീവിതം താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

13. • "നമുക്കതേയുള്ളൂ ഗുരുകടാക്ഷം കൂടാതെ
ജന്മസാഫല്യം വരുമോ ജനിച്ചാലാർക്കും" (രാമപുരത്തുവാര്യർ)

• "ആചാര്യനിയോഗത്തെപ്പാലിക്കും ജനങ്ങൾക്കു
നാശങ്ങളൊന്നുമനുഭവിക്കയില്ലയല്ലോ" (എഴുത്തച്ഛൻ)

രണ്ട് കവിതാശകലത്തിലും തെളിയുന്ന ഗുരുസങ്കൽപ്പം വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

14. "ആവില്ലൊരിക്കലും ഗാനകലയി
ലാറാടുവാനെനിക്കിമ്മട്ടിൽ!" (വിഷുത്തലേന്ന് - അക്കിത്തം)
കവി ഇങ്ങനെ പറയുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം?

15. "നടുമുറ്റത്തൊരു മുല്ലത്തറയില്ലാത്ത വീടുണ്ടായിരുന്നില്ല. മുറ്റത്തൊരറ്റത്ത് തുളസിത്തടം, കുളക്കരയിൽ പുഞ്ചിരിച്ചുനിൽക്കുന്ന വെള്ളിയിലച്ചെടി, തൊടിനിറയെ മുക്കുറ്റി, മുക്കിലും മൂലയിലും തഴച്ചുനിൽക്കുന്ന മന്ദാരം, ചെമ്പരത്തി, കോളാമ്പി, വഴിവക്കത്തു കറുകനാമ്പ്, തുമ്പക്കുടം, വേലിക്കിടയിലൂടെ നിശ്ശബ്ദമായി പാളിനോക്കുന്ന ശംഖുപുഷ്പം, കുന്നിൻനിറുകയിൽ കൂത്താടുന്ന കാട്ടുപൂക്കൾ ...... ഇങ്ങനെ ശബളാഭമായ ഒരു പൂപ്പാലികയാണ് കേരളം."
- (പൂക്കളും ആണ്ടറുതികളും)

"ആടിമുകിൽമാല കുടിനീരു തിരയുന്നു
ആതിരകൾ കുളിരു തിരയുന്നൂ...
ആവണികളൊരു കുഞ്ഞുപൂവു തിരയുന്നു;
ആറുകളൊഴുക്കു തിരയുന്നൂ" (ആടിമുകിൽ - കർക്കടകമേഘം)
(ഭൂമിക്ക് ഒരു ചരമഗീതം - ഒ.എൻ.വി)

കേരളീയപ്രകൃതിയെ ആവിഷ്കരിച്ചിരിക്കുന്ന രചനാഭാഗങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. രണ്ടു സന്ദർഭങ്ങളും പരിഗണിച്ച് കേരളീയപ്രകൃതിക്കു വന്ന മാറ്റം വിലയിരുത്തി കുറിപ്പ് തയാറാക്കുക.

**16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**(2 x 6 = 12)**

16. "ദുർവിചാരങ്ങളുടെയും വൃത്തിഹീനതകളുടെയും ശുദ്ധീകരണമാണിതിൽ പ്രധാനം. ചേട്ടയെ കളയുക എന്ന ഈ ചടങ്ങിന് സാനിട്ടറിയുടേതായ ഒരു ഔപചാരികതയുണ്ട്." (പൂക്കളും ആണ്ടറുതികളും)

| മഴക്കാലപൂർവ ശുചീകരണം പൂർത്തിയായി |
|---|

| ജനകീയ ശുചീകരണം : കേരളം മാതൃകയായി |
|---|

പാഠസന്ദർഭവും പത്രവാർത്തയും വിശകലനം ചെയ്ത് 'പരിസരശുചിത്വവും ആരോഗ്യമുള്ള തലമുറയും' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

17. • കരച്ചിൽ വടുകെട്ടിയ മുഖം
• തേവിത്തേവി വറ്റിപ്പോയ കിണർ
• ഭൂമിയുടെ കാതിൽ മഹാസങ്കടങ്ങൾ അറിയിക്കുന്ന പാദങ്ങൾ.......

സൂചനകളും മറ്റു പാഠസന്ദർഭങ്ങളും പ്രയോജനപ്പെടുത്തി അമ്മമ്മ എന്ന കഥാപാത്രത്തെ കുറിച്ച് നിരൂപണം തയാറാക്കുക.

18. ആശയം, ആസ്വാദനാംശങ്ങൾ തുടങ്ങിയവ പരിഗണിച്ച്, താഴെ തന്നിരിക്കുന്ന കവിതയ്ക്ക് ആസ്വാദനം തയാറാക്കുക.

"അക്കരെക്കുന്നിലെ തെച്ചിക്കാട്ടിൽ
പൊട്ടിവിരിയുന്നു നൂറുപൂക്കൾ!.....
ചോര തെറിച്ചപോൽ ചോന്ന്ചോന്ന്
ദൂരെ നിൽക്കുന്നതാ നൂറു പൂക്കൾ

വയലിൻ വഴുക്കും വരമ്പിലാകെ
ചിരിപെയ്തു നിൽക്കുന്നു കൊച്ചുപൂക്കൾ!.....
കണ്ണന്റെ പീലി പോൽ നീല നീല
വർണമിയന്ന തെളിഞ്ഞ പൂക്കൾ

നാണിച്ചു നിൽക്കും തണുത്ത പൂക്കൾ
നക്ഷത്രം പോലെ വെളുത്ത പൂക്കൾ!
ആകെത്തുടുത്ത കദളിപ്പൂക്കൾ
ആമ്പലപ്പൊയ്ക നിറച്ചു പൂക്കൾ"

*(സുഗതകുമാരി)*

(സ്ത്രീപർവം എന്ന കവിതയിൽനിന്ന്)